പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4321 28-06-2012 -ൽ മറുപടിക്ക്

## സി - ആപ്റ്റിന്റെ വികസനം

| ചോദ്യം<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) സി - ആപ്റ്റിന്റെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) 1992 ൽ സ്വയംഭരണ സ്ഥാപനമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ആരംഭിച്ച സെന്റർ ഇപ്പോൾ വികസനത്തിന്റെ പാതയിലാണ്. സ്ഥാപനത്തിന്റെ വികസനപദ്ധതികളുടെ ഭാഗമായി ലോട്ടറി ടിക്കറ്റുകൾ ഉൾപ്പടെയുള്ള രഹസ്യ സ്വഭാവമുള്ള അച്ചടി ജോലികൾക്കായി സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റ് ആരംഭിക്കുകയും സംസ്ഥാന ഭാഗ്യക്കുറിയുടെ ലോട്ടറി ടിക്കറ്റുകളും, ചോദ്യപേപ്പറുകളും അച്ചടിച്ച് വരുന്നു. സ്ഥാപനത്തിൽ പുതുതായി 6 റിസോഗ്രാഫ് മെഷീനുകൾ, 4 വേരിയബിൾ ഡേറ്റാ പ്രിന്ററുകൾ, 2 പ്രോഗ്രാമബിൾ കട്ടിംഗ് മെഷിൻ, ബ്രെയിൽ പ്രിന്റിംഗ് മെഷിൻ തുടങ്ങി മൾട്ടി കളർ ഷീറ്റ്ഫെഡ് ഓഫ് സെറ്റ് മെഷിൻ വരെ സെന്ററിൽ സ്ഥാപിച്ച് കഴിഞ്ഞു. വിദ്യാഭ്യാസ മേഖലയിലെ നൂതന സംരംഭമായ മൾട്ടീമീഡിയ/ആനിമേഷൻ പരിശീലനത്തിനായി ഫ്രാഞ്ചൈസി വ്യവസ്ഥയിൽ സി-ആപ്റ്റ് മൾട്ടീമീഡിയ അക്കാഡമി സംസ്ഥാനത്ത് ആരംഭിച്ച വിവിധ ട്രെയിനിംഗ് കോഴ്സുകൾ നടത്തിവരുന്നു.ഈ സർക്കാരിന്റെ കീഴിൽ പ്രൊഷണൽ മാതൃകയിൽ പ്രവർത്തനം നടത്തുന്ന സെന്ററിന്റെ വിറ്റ് വരവ് 2001 ൽ 1 കോടിയിൽ താഴെയായിരുന്നത് 2011 -2012 ൽ 27.48 കോടിയിൽ എത്തി നിൽക്കുന്നു. സെന്ററിന് കഴിഞ്ഞ സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതി ഇനത്തിലും 56.72 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും ഗ്രാന്റായി നൽകി. 2001 -2002 മുതൽ |

| | |
|---|---|
| | നിർത്തലാക്കിയിരുന്ന ജീവനക്കാരുടെ ഇൻക്രിമെന്റും, ഏൺഡ് ലീവ് സറണ്ടർ പുനസ്ഥാപിക്കുകയും ജീവനക്കാർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന ഇ.എസ്.എ പദ്ധതി സ്ഥാപനത്തിൽ ആരംഭിക്കുകയും ചെയ്തു. |
| ബി) മലബാറിലെ സെന്ററുകളുടെ വികസനം ഇപ്പോൾ എതുഘട്ടത്തിലാണ്; ഇപ്പോൾ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രസ്തുത സെന്ററുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി)കോഴിക്കോട് ബൈരായിക്കുളത്ത് സർക്കാർ അനുവദിച്ച സ്കൂൾ കെട്ടിടത്തിൽ കോഴിക്കോട് സബ്സെന്ററിന്റെ ട്രെയിനിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. മലപ്പുറം സിവിൽ സ്റ്റേഷനിലെ പഴയ കെട്ടിടത്തിൽ ലഭിച്ച സ്ഥലത്ത് മലപ്പുറം സബ്സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ബൈരായിക്കുളത്തുള്ള കോഴിക്കോട് സബ്സെന്ററിന്റെ ട്രെയിനിംഗ് യൂണിറ്റിൽ കമ്പ്യൂട്ടർ, പ്രിന്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും, മലപ്പുറം സബ്സെന്ററിൽ അച്ചടിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| സി) കേന്ദ്രത്തിൽ നിന്നും ധനസഹായം നേടിയെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സി) ഉത്തരകേരളത്തിൽ സെന്ററിന്റെ ഒരു റീജിയണൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് കോംപ്ലക്സ് സ്ഥാപിക്കുവാൻ കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**